# ദൈവത്തിന്റെ ശക്തിയെ തിരിച്ചറിയുക

## ഹബക്കൂക്ക് 3.19

**"യഹോവയായ കർത്താവ് എന്റെ ബലമാകുന്നു. അവൻ എന്റെ കാൽ പേടമാൻ കാൽ പോലെ ആക്കുന്നു. ഉന്നതികളിന്മേൽ എന്നെ നടക്കുമാറാക്കുന്നു."**

ഒരു ദൈവപൈതലിന്റെ ദൃഢനിശ്ചയവും വിശ്വാസസ്ഥിരതയുമാണ് പ്രവാചകനിലൂടെ നമ്മെ വരച്ചുകാണിക്കുന്നത്. കർത്താവ് എന്റെ ബലം എന്നതുതന്നെ ഒരു വിശ്വാസ പ്രഖ്യാപനമാണ്. ഈ ലോകത്തിലെ അധികാരങ്ങളിലോ, നേട്ടങ്ങളിലോ, ജ്ഞാനത്തിലോ, സമ്പത്തിലോ ഒക്കെ ആശ്രയിക്കുന്ന വ്യക്തികൾക്ക് കർത്താവ് ബലമായിരിക്കുകയില്ല. മറിച്ച് പരമോന്നതനായ ദൈവത്തിലും അവന്റെ സർവ്വശക്തിയിലും ആശ്രയിക്കുകയും കീഴ്പ്പെടുകയും ചെയ്യുന്ന ഏതു വ്യക്തിയുടെയും ബലം കർത്താവായിരിക്കും. അങ്ങനെയുള്ള ഒരുവനെ ഇവിടെ പേടമാനു തുല്യമായാണ് പ്രവാചകൻ ഉപമിച്ചിരിക്കുന്നത്. ഏതു പ്രതികൂല സാഹചര്യങ്ങളിലും ഓടുവാൻ പേടമാനു ബുദ്ധിമുട്ടില്ല. പാറയുടെ വശങ്ങളിലൂടെ കാലിടറാതെ ഓടുന്നതു കണ്ടാൽ നാം അതിശയിക്കും. അതുകൊണ്ടാണ് കർത്താവിൽ ആശ്രയിക്കുന്ന ഒരുവനെ പേടമാനു തുല്യമായി പറഞ്ഞിരിക്കുന്നത്. അതായത്, ജീവിതത്തിന്റെ പ്രതികൂലത്തിലും, വിഷമതകളിലും സ്വന്തബുദ്ധിയിലാശ്രയിക്കുകയോ, പ്രയാസങ്ങളിലേക്ക് നോക്കുകയോ ചെയ്യാതെ കർത്താവിന്റെ ബലത്തിൻ കീഴിൽ ശരണം പ്രാപിക്കും.

മാത്രമല്ല കർത്താവിന്റെ തന്നെ ബലമാക്കിയിരിക്കുന്ന ഒരു വിശ്വാസിയെ ദൈവം താനിരിക്കുന്ന ഉന്നതങ്ങളിലേക്കു തന്നെ നടത്തുന്നു. (മീഖാ 1:3 യഹോവ തന്റെ സ്ഥലത്തു നിന്നു പുറപ്പെട്ടു ഇറങ്ങി ഭൂമിയുടെ ഉന്നതങ്ങളിൻ മേൽ നടകൊള്ളുന്നു). അങ്ങനെയെങ്കിൽ പ്രിയ സഹോദരങ്ങളെ, എന്തുകൊണ്ട് നമുക്ക് ബലവാനായ ആ കർത്താവിങ്കൽ ആശ്രയിച്ചുകൂടാ! ജീവിതത്തിന്റെ ഏതവസ്ഥയിലും, ദൈവം അറിയാതെ ഒരു നീക്കുപോക്കുണ്ടാകുന്നില്ല. അതുകൊണ്ട് ആ ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കാം. അപ്പോൾ പ്രവാചകൻ പറഞ്ഞതുപോലെ ദൈവം നമ്മെ പേടമാനെ പോലെ ലോകം അതിശയിക്കത്തക്ക വിധത്തിൽ ഓടുമാറാക്കും. സാക്ഷാൽ ദൈവം ആയിരിക്കുന്ന ഉന്നതങ്ങളിലേക്ക്, അവന്റെ പരിശുദ്ധിയിലേക്ക് തന്നെ ദൈവം തന്നെ നയിക്കും. അതിനുവേണ്ടി പരിശുദ്ധാത്മാവ് നമ്മെ ഓരോരുത്തരെയും നയിക്കുമാറാകട്ടെ.

പരാമർശം:

സങ്കീർത്തനം 46:1

ദൈവം നമ്മുടെ സങ്കേതവും ബലവും ആകുന്നു. കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയായിരിക്കുന്നു.

സങ്കീർത്തനം 62:7,8

എന്റെ രക്ഷയും എന്റെ മഹിമയും ദൈവത്തിന്റെ പക്കൽ ആകുന്നു; എന്റെ ഉറപ്പുള്ള പാറയും എന്റെ സങ്കേതവും ദൈവത്തിങ്കലാകുന്നു. ജനമേ, എല്ലാകാലത്തും അവനിൽ ആശ്രയിപ്പിൻ; നിങ്ങളുടെ ഹൃദയം അവന്റെ മുമ്പിൽ പകരുവിൻ; ദൈവം നമുക്കു സങ്കേതമാകുന്നു.

**സിസ്റ്റർ ബിൻസി ജോബി ചങ്ങനാശ്ശേരി 014**